# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുഴൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR-P5-1064/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 22/03/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR-P5-1064/2021 തീയ്യതി: 22/03/2022

## തൃശ്ശൂർ ജില്ലയിലെ കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-10-2019 മുതൽ 16-06-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 28-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-07-2021 | 28-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷീന.കെ.ടി, ഓഡിറ്റ് ഓഫീസർ
ശ്രീ.നിർമ്മൽ.കെ.ജി, ഓഡിറ്റ് ഓഫീസർ
ശ്രീ.സിജു.പി.ഡാംസൺ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സലീഷ്.എം.ജി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ധന്യ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിൽവി ടീച്ചർ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഒഴിവ് | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| പോൾ (സാജൻ കൊടിയൻ) | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| സുനിൽകുമാർ.കെ.യു | സെക്രട്ടറി | 01-04-2020 | 12-04-2020 |
| ഗ്രേസി.കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-04-2020 | 30-04-2020 |
| സുനിൽകുമാർ.കെ.യു | സെക്രട്ടറി | 01-05-2020 | 24-07-2020 |
| ഗ്രേസി.കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-07-2020 | 02-09-2020 |
| സുനിൽകുമാർ.കെ.യു | സെക്രട്ടറി | 03-09-2020 | 05-03-2021 |
| ഗ്രേസി.കെ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഗ്രേസി. കെ.കെ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ജമീല .പി. എം | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| സന്ധ്യദേവി. എം | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2019 | 31-03-2021 |
| സുധ മേനോൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ജിഷ്ണു . വി. പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 03-02-2021 |
| നമിത . എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 04-02-2021 | 23-02-2021 |
| ജിഷ്ണു . വി. പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 24-02-2021 | 31-03-2021 |
| ദീപ . വി. എസ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ജെലീറ്റ എൽസ ജേക്കബ് | കൃഷി ഓഫീസർ | 01-04-2020 | 07-09-2020 |
| തോമസ് .പി. ഒ | കൃഷി ഓഫീസർ | 08-09-2020 | 15-09-2020 |
| ലാൽസുന . പി. കെ | കൃഷി ഓഫീസർ | 16-09-2020 | 31-03-2021 |
| നിഖിൽ . പി. വി | വി.ഇ ഒ. കുഴൂർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| നിഷ . സി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ബിന്ദ്യ. വി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 08-11-2020 |
| ഡിനി വിൻസന്റ് അറക്കൽ | ഐ സി ഡി എസ് സൂപ്പർവൈസർ | 09-11-2020 | 31-03-2021 |
| ശാന്ത .പി. വി | ഹെഡ്മിസ്ട്രസ് ഇൻ ചാർജ്ജ് | 01-04-2020 | 18-02-2021 |
| ശാന്ത . പി. വി | ഹെഡ്മിസ്ട്രസ് | 19-02-2021 | 31-03-2021 |
| മുരളി . വി. പി | വി.ഇ ഒ. കുണ്ടർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-12-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-12-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: Dhanya Dileep (Auditor, On 21-07-2021)<br>Last Updated By: Dhanya Dileep (Auditor, On 21-07-2021) | 1-7 |
| 8 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-9 |
| 10 | അടിസ്ഥാന അനുപാതങ്ങൾ, ഗ്രാന്റ് സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-10 |
| 11 | വസ്തുനികുതി റെസിഡൻഷ്യൽ (തൻവർഷം ) - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-11 |
| 12 | വസ്തുനികുതി നോൺ റെസിഡൻഷ്യൽ (തൻവർഷം ) - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-12 |
| 13 | വസ്തുനികുതി റെസിഡൻഷ്യൽ (കുടിശ്ശിക ) - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-13 |
| 14 | വസ്തുനികുതി നോൺ റെസിഡൻഷ്യൽ (കുടിശ്ശിക ) - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-14 |
| 15 | ലൈബ്രറി സെസ്സ് കണക്കുകൾ - വാർഷികകണക്കും ഡിസിബിയും | 1-15 |

| | | |
|---|---|---|
| | പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | |
| 16 | വസ്തുനികുതി മുൻകൂർ നീക്കിയിരിപ്പ് - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-16 |
| 17 | വസ്തുനികുതി - ഡിമാന്റ് എൻടി കൃത്യമായി രേഖപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-17 |
| 18 | വസ്തുനികുതി - ഇല്ലാത്ത മുൻകൂർ ക്രമീകരിച്ചു<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-18 |
| 19 | സാങ്കല്പികമായി മുൻകൂർ തുക വർദ്ധിപ്പിച്ചു<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-19 |
| 20 | വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-20 |
| 21 | രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-21 |
| 22 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: P.A.Sivan (Audit Officer, On 04-03-2022) | 1-22 |
| 23 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-12-2021) | 1-23 |
| 24 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-12-2021) | 1-24 |
| 25 | ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-12-2021) | 1-25 |
| 26 | അഡ്വാൻസ് രജിസ്റ്റർ പൂർത്തികരിച്ചിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Ram Manohar V.K (Audit Officer (HG), On 02-12-2021) | 1-26 |
| 27 | കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല<br>Written By: Dhanya Dileep (Auditor, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-27 |
| 28 | ഗുണഭോക്തൃവിഹിതമായി ശേഖരിച്ച തുക അടവാക്കുന്നതിൽ വീഴ്ച വരുത്തുന്നു.<br>Written By: Dhanya Dileep (Auditor, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-28 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാറിലേർപ്പെടാതെ കെ.എസ്.ഇ.ബിക്ക് തുക നൽകി. 498000/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-29 |
| 30 | ജി എസ് ടി നിയമപ്രകാരമുള്ള ബില്ല് ഹാജരാക്കിയില്ല - 119765 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021) | 1-30 |

| | | |
|---|---|---|
| | Last Updated By: Sheena K T (Audit Officer, On 22-03-2022) | |
| 31 | പൊതുവിഭാഗം വായ്പ തിരിച്ചടവിന് എസ്.സി.പി വിഹിതത്തിൽ നിന്ന് തുക കുറവ് ചെയ്തു<br>Written By: Siju P. Damson (Asst. Audit Officer, On 29-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-31 |
| 32 | നിയമ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല<br>Written By: Nirmal K G (Audit Officer, On 27-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-32 |
| 33 | മരാമത്ത് പണികൾ - പൊതുഅപാകതകൾ - സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.<br>Written By: Nirmal K G (Audit Officer, On 27-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-33 |
| 34 | പഞ്ചായത്തിന് ലഭിക്കുന്ന സേവനങ്ങൾക്ക് നിയമവിരുദ്ധമായി ജി.എസ്.ടി നൽകി- 192820/-തടസ്സപ്പെടുത്തുന്നു.<br>Written By: Nirmal K G (Audit Officer, On 27-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-34 |
| 35 | ഏറ്റെടുത്ത പ്രവൃത്തി കരാറുകാരൻ ആരംഭിക്കാത്തതിനാൽ റീടെണ്ടർ ചെയ്ത് പുതിയ കരാറുകാരെ പ്രവൃത്തികൾ ഏൽപ്പിച്ചില്ല-ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല.<br>Written By: Nirmal K G (Audit Officer, On 27-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-35 |
| 36 | കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Saleesh M.G (Asst. Audit Officer, On 27-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-36 |
| 37 | ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-37 |
| 38 | വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 27-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-38 |
| 39 | പച്ചക്കറി കൃഷി വികസനം SCP-അപാകതകൾ<br>Written By: Saleesh M.G (Asst. Audit Officer, On 27-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-39 |
| 40 | തരിശുഭൂമിയിൽ പച്ചക്കറി/കിഴങ്ങ്കൃഷി-അപാകതകൾ<br>Written By: Saleesh M.G (Asst. Audit Officer, On 27-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-40 |
| 41 | വാർഷികകണക്കിൽ ചെലവായി കാണിച്ച തുക ഗുണഭോക്താക്കളിൽ എത്താതെ നിർവഹണോദ്യോഗസ്ഥന്റെ ടി.എസ്.ബി അക്കൗണ്ടിൽ കിടക്കുന്നു.<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-41 |
| 42 | ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമായില്ല.<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-42 |
| 43 | വാഹനത്തിന്റെ ഇൻഷുറൻസ് -സർക്കാർ ഉത്തരവ് പാലിച്ചില്ല<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-43 |
| 44 | എസ്.എസ്.കെ വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-44 |

| | | |
|---|---|---|
| 45 | ലൈഫ് ഭവനപദ്ധതി നിർമാണം-ഗുണഭോക്താവിന് പദ്ധതി വിഹിതം അധികം നൽകി.<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 1-45 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ലൈഫ് ഭവനപദ്ധതി നിർമാണം-ഗുണഭോക്താവിന് പദ്ധതി വിഹിതം അധികം നൽകി.<br>Written By: Sheena K T (Audit Officer, On 28-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 21-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 21-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 21-07-2021)<br>Last Updated By: Sheena K T (Audit Officer, On 28-07-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 21-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: Sheena K T (Audit Officer, On 21-07-2021)<br>Last Updated By: Sheena K T (Audit Officer, On 28-07-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 21-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sheena K T (Audit Officer, On 21-07-2021)<br>Last Updated By: Sheena K T (Audit Officer, On 28-07-2021) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 21-07-2021)<br>Last Updated By: Sheena K T (Audit Officer, On 28-07-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sheena K T (Audit Officer, On 21-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sheena K T (Audit Officer, On 21-07-2021)<br>Last Updated By: Sheena K T (Audit Officer, On 22-03-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം/തീയതി | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 27-03-2020 | 1 (1) | 167368333 | 159989089 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തീയതി | കമ്മിറ്റി തീരുമാനം/തീയതി | പ്രതീക്ഷിത വരുമാനം | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 08-02-2021 | 6 (1) | 189071333 | 181692089 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 28-05-2021 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17334922 |
| വരവ് | 67844130 |
| ആകെ | 85179052 |
| ചെലവ് | 68832067 |
| നീക്കിയിരിപ്പ് | 16346985 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 14748624 | 14748624 | 11155501 | 3593123 |
| വികസനഫണ്ട്-എസ് സി പി | 0 | 4599373 | 4599373 | 2753864 | 1845509 |
| വികസനഫണ്ട്-ടി എസ് പി | 0 | 29000 | 29000 | - | 29000 |
| മെയിന്റനൻസ്-റോഡ് | 0 | 13338000 | 13338000 | 13338000 | 0 |
| മെയിന്റനൻസ്-നോൺറോഡ് | 0 | 3456681 | 3456681 | 3456681 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9413645 | 9413645 | 7642250 | 1771395 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ(എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 215 | 51139600 | 138 | 27866253 | 54 | 23 | 64.19% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 889 | 1338236 | 1549125 | 1338473 | 652 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 19754925 | 19754925 | 19754925 | - |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-07-2021 തീയതിയിൽ 3:30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2010/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 8115100 | 599 |
| വിധവാ പെൻഷൻ | 14931900 | 1006 |
| വാർദ്ധക്യകാലപെൻഷൻ | 22662000 | 1801 |
| വികലാംഗ പെൻഷൻ | 4259500 | 296 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1228900 | 85 |

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഓർഡർ പ്രകാരം ജീവനക്കാർക്ക് കൃത്യമായ ജോലിവിഭജനം നടത്തിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ നിർവഹണോദ്യഗസ്ഥരുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നതായി കാണുന്നില്ല. മീറ്റിംഗ് മിനിറ്റ്സുകൾ ആധികാരികമാക്കി സൂക്ഷിക്കുന്നുണ്ട്.

## 1-10 അടിസ്ഥാന അനുപാതങ്ങൾ, ഗ്രാന്റ് സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

2. സർക്കാർ ഉത്തരവ് (കൈ) 16/21 ത.സ്വ.ഭ.വ തീ. 23/1/21 പ്രകാരം വാർഷിക കണക്കുകളോടൊപ്പം നിർബന്ധിതമാക്കിയിരുന്ന ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

## 1-11 വസ്തുനികുതി റെസിഡൻഷ്യൽ (തൻവർഷം ) - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ | ബാക്കി |
|---|---|---|---|---|

| | | | ക്രമീകരിച്ചത് | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1651431 | 1649772 | 12806 | 1351 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1651431 | 1649772 | 1408 | *1351 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(1418/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. മുൻകൂർ ക്രമീകരിച്ച തുക പൊരുത്തപ്പെടുന്നില്ല.
2. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-12 വസ്തുനികുതി നോൺ റെസിഡൻഷ്യൽ (തൻവർഷം ) - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1080217 | 1012993 | 6254 | 62687 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1080217 | 1012993 | 4872 | 62687 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(65827/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. മുൻകൂർ ക്രമീകരിച്ച തുക പൊരുത്തപ്പെടുന്നില്ല
2. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-13 വസ്തുനികുതി റെസിഡൻഷ്യൽ (കുടിശ്ശിക ) - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 42438 | 42257 | 472 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 42438 | 42257 | ---- |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(=44696+0/105 X 100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (/105X100) |

1. ഡിമാന്റ്, ബാക്കി തുകകൾ പൊരുത്തപ്പെടുന്നില്ല.

2. ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-14 വസ്തുനികുതി നോൺ റെസിഡൻഷ്യൽ (കുടിശ്ശിക ) - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല

നോൺ - റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 143843 | 41318 | 102574 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 137527 | 41318 | 102574 |
| | (2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(52136+92268=.../105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (107703/105X100)=173530, ചെറിയ തുക വ്യത്യാസം റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു.<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. ഡിമാന്റ് തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-15 ലൈബ്രറി സെസ്സ് കണക്കുകൾ - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം + കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 84836 | 2546 | 87382 | 84177 | 2219 | 86396 | 834 | | 68 | 37 | 68 |
| | നോൺ-റെസിഡൻഷ്യൽ | 54550 | 7271 | 61821 | 51075 | 2093 | 53168 | 348 | | 3140 | 5129 | 8274 |
| | ആകെ | | | 149203 | | | 139564 | | | | 8342 | |
| വാർഷികകണക്കിലെ | | | 148862 | | | 139564 | | | 9476 | | 8337 | |

| | | | | | |
|---|---|---|---|---|---|
| വിവിധ പത്രികകൾ പ്രകാരം | (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt. Cess/levies ലെഡ്ജർ 2020-21) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | (431910101 -State Govt Cess/levies ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. ഡിമാന്റ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.
2. സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-16 വസ്തുനികുതി മുൻകൂർ നീക്കിയിരിപ്പ് - വാർഷികകണക്കും ഡിസിബിയും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues - Property Tax On Residential Building | 12232 | 181996 |
| 2 | 350410101-Advance Collection Of Revenues - Property Tax On Non-Residential Building | 1730 | 46563 |

## 1-17 വസ്തുനികുതി - ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നില്ല

1. 01/04/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ കുഴൂർ ഗ്രാമപഞ്ചായത്തിൽ “110100101-Property Tax On Residential Buiding” എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 തവണയായി മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു (01/04/20). ഭാവിയിൽ 31/03/2021 വരെ അസ്സസ്സ് ചെയ്യപ്പെടുന്ന കെട്ടിടങ്ങളുടെ ഡിമാന്റ് തുക 01/04/20 ന് ചേർത്ത് 31/03/21 വരെയുള്ള ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നു തന്നെ സാംഖ്യ കണക്കുകളിലെ എൻട്രികളിലെ തുകകളിൽ പിന്നീട് എഡിറ്റിംഗ് വരുത്തി ഡി.സി.ബി-യുമായി പൊരുത്തപ്പെടുത്തുന്ന നിയമവിധേയമല്ലാത്ത രീതിയാണ് പഞ്ചായത്തിൽ സ്വീകരിച്ചതെന്ന് കാണാം. ഇത് ഒഴിവാക്കേണ്ടതാണ്.

2. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-18 വസ്തുനികുതി - ഇല്ലാത്ത മുൻകൂർ ക്രമീകരിച്ചു

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2020-21 വർഷം ഈയിനത്തിൽ

ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/03/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410104-Advance Collection Of Revenues - Property Tax On Non-Residential Building | 388 | 4872 |

## 1-19 സാങ്കല്പികമായി മുൻകൂർ തുക വർദ്ധിപ്പിച്ചു

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു. അതിൽ 5348 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൌച്ചർ | തീയതി | തുക |
|---|---|---|---|
| 1 | 431100102 | 31/03/21 | 476 |

2. നോൺ - റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൌച്ചർ | തീയതി | തുക |
|---|---|---|---|
| 1 | 42000221 | 31/03/21 | 4872 |

## 1-20 വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് {കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 58 (2) (ഇ), (ജി)}. നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി & ഒ ഡിമാന്റ് രജിസ്റ്റർ

## 1-21 രേഖകൾ ഇല്ലാതെ തുക എഴുതി തള്ളൽ - വരുമാനമായി ക്രമീകരിക്കൽ

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18) | 31/03/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (1590) |
| 280100104-Prior Period Income-Property Tax On Non Residential Buildings | (1021) |
| 280200402-Prior Period Income-Recovery Of Unutilized Grants | 1335 |

| | |
|---|---|
| 280800701-Miscellaneous Expenses | (754465) |

## 1-22 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-23 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-24 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (987937) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2352229 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-25 ക്ലോസിംഗ് സ്റ്റോക്ക് - മൂല്യം ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 4821 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്.

2. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ)).

## 1-26 അഡ്വാൻസ് രജിസ്റ്റർ പൂർത്തികരിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. പകരം സോഫ്റ്റ്കോപ്പിയായാണ് സൂക്ഷിക്കുന്നത്. ആയത് പൂർത്തീകരിച്ചിട്ടില്ല. നിലവിലെ സർക്കാർ ഉത്തരവിലെ മാതൃകയിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. എല്ലാ രേഖപ്പെടുത്തലും വരുത്തി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-27 കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റിയില്ല

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. {കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)}. ആയത് ക്രമീകരിക്കേണ്ടതാണ്.

SBI-67010538891

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 834952 | 16/07/18 | 400 |
| 506795 | 18/05/20 | 3000 |
| 506726 | 13/03/20 | 1000 |
| 834899 | 15/05/18 | 1125 |
| 812747 | 16/01/18 | 350 |

## 1-28 ഗുണഭോക്തൃവിഹിതമായി ശേഖരിച്ച തുക അടവാക്കുന്നതിൽ വീഴ്ച വരുത്തുന്നു.

ഗുണഭോക്തൃ വിഹിതമായി രശീതി പ്രകാരം ഈടാക്കുന്ന തുക കൈവശം വയ്ക്കുകയും ആയത് പഞ്ചായത്തിൽ അടവാക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്യുന്നു.

1) പഞ്ചായത്തിൽ നിന്നും വി.ഇ.ഒ കുഴൂർക്ക് നൽകിയ രസീത് ബുക്ക് നമ്പർ 6300 ലെ രസീത് നമ്പർ 82 പ്രകാരം (പ്രോജക്റ്റ് നമ്പർ. 45/21, പ്രോജക്റ്റിന്റെ പേര് : റിങ്ങ് കമ്പോസ്റ്റ് ) ഇബ്രാഹിം, കിഴക്കുംതല പക്കൽനിന്നും 23/02/2021 തീയതിയിൽ 250/- രൂപ ഈടാക്കിയിട്ടുണ്ട്. എന്നാൽ ടി തുക സ്ഥാപനത്തിൽ ഓഡിറ്റ് തീയതി വരെ അടവാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് (ഓഡിറ്റ് അന്വേഷണം നമ്പർ : 5, തീയതി : 23/07/2021) ടി തുക 28/07/2021 തീയതിയിൽ രസീതി നമ്പർ. 121010100590 പ്രകാരം അടവാക്കുകയാണുണ്ടായത്.

2) 29/01/2021 തീയതിയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുഴൂർക്ക് നല്കിയ രസീത് ബുക്ക് നമ്പർ : 6300ൽ രസീത് നമ്പർ 74 പ്രകാരം (പ്രോജക്റ്റ് നമ്പർ : 45/21, പ്രോജക്റ്റിന്റെ പേര് : റിങ്ങ് കമ്പോസ്റ്റ് ) 18/02/2021 തീയതിയിൽ ഗുണഭോക്താവിൽ നിന്നും 250/- രൂപ ഈടാക്കിയിട്ടുണ്ട്, എന്നാൽ ടി തുക 5 ദിവസങ്ങൾക്ക് ശേഷം 23/02/2021 തീയതിയിൽ ആണ് സ്ഥാപനത്തിൽ അടവാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ : 5, തീയതി :23/7/2021) ലഭ്യമായ മറുപടി തൃപ്തികരമല്ല. മേൽഅപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്)ചട്ടങ്ങൾ 2011, ചട്ടം 16 പ്രകാരം നിർവഹണോദ്യോഗസ്ഥർ കൈപ്പറ്റുന്ന തുക തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ പഞ്ചായത്തിൽ ഒടുക്കേണ്ടതാണ്.

## 1-29 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാറിലേർപ്പെടാതെ കെ.എസ്.ഇ.ബിക്ക് തുക നൽകി. 498000/- രൂപ തടസ്സപ്പെടുത്തുന്നു

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് കരാറിലേർപ്പെടാതെ കെ.എസ്.ഇ.ബി നല്കിയ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ തുക നൽകി.

| ക്രമ നം. | പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ/ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|---|
| 1 | 9/21 സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കൽ | 20 | 31/03/21 | 3,30,000 |
| 2 | 238/21-തെക്കുംചേരി കൊക്കരാട് റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ | 19 | 31/03/21 | 48,000 |
| 3. | 239/21-ആറാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ പോസ്റ്റിട്ട് ലൈൻ വലിക്കൽ | 21 | തീയതി രേഖപ്പെടുത്തിയിട്ടില്ല വൌച്ചർ നമ്പർ 22001270 തീ 31/03/21 | 1,20,000 |

കരാറിലേർപ്പെടാതെ തുക നൽകിയതിനാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതു വരെ 4,98,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 ജി എസ് ടി നിയമപ്രകാരമുള്ള ബില്ല് ഹാജരാക്കിയില്ല - 119765 രൂപ തടസ്സപ്പെടുത്തുന്നു.

താഴെ ചേർത്തിരിക്കുന്ന പ്രവൃത്തിക്ക് GST ബിൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് | തുക | ട്രഷറി ബിൽ നമ്പർ | തീയതി | തുക | കരാറുകാരൻ |
|---|---|---|---|---|---|---|
| 1. | 186/21-തെരുവുവിളക്ക് മെയിന്റനൻസ് AMC | 119765 | 884876<br>788479 | 24/11/20<br>16/7/20 | 66955<br>59590 | ശ്രീ നിഖിൽ കുമാർ, ടെസ്‌ള കൺസൾട്ടിംഗ് , തൃശ്ശൂർ |

ജി.എസ്.ടി ബാധകമല്ലാത്ത ബില്ലായതിനാലാണ് ബില്ല് ലഭ്യമാക്കാത്തതെന്ന് പഞ്ചായത്ത് അറിയിച്ചു. എന്നാൽ തുക നൽകുമ്പോൾ നിയമപരമായ ബില്ല് ലഭ്യമാക്കേണ്ടതുണ്ട്. ആയതിനാൽ ജി.എസ്.ടി നിയമപ്രകാരമുള്ള ബിൽ ഹാജരാക്കുന്നതു വരെ ചെലവ് തുക 119765 രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 പൊതുവിഭാഗം വായ്പ തിരിച്ചടവിന് എസ്.സി.പി വിഹിതത്തിൽ നിന്ന് തുക കുറവ് ചെയ്തു

ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന വികസന ഫണ്ടിൽ (എസ്.സി.പി) നിന്ന് താഴെ ചേർത്തിരിക്കുന്ന രീതിയിൽ ലൈഫ് ഭവന പദ്ധതിയുടെ വായ്പ തിരിച്ചടവിലേക്ക് തുക കിഴിവ് ചെയ്തിട്ടുണ്ട്.

| ക്രമ | പ്രോജക്റ്റ് | വികസനഫണ്ട്, അതിൽ നിന്നും | ഹഡ്കോ വായ്പ ഇനത്തിൽ |
|---|---|---|---|

| നം. | | കിഴിവ് നടത്തിയ ഉത്തരവ് | കിഴിവ് നടത്തിയ തുക. വികസനഫണ്ട് (എസ്.സി.പി) |
|---|---|---|---|
| 1 | 262-ലൈഫ് വായ്പ മുതൽ തിരിച്ചടവ് | സ.ഉ(സാധാ.)4461/2020/ ധന തീ. 03/08/2020 | 7314 |
| 2 | 291-ലൈഫ് വായ്പ മുതൽ തിരിച്ചടവ് | സ.ഉ(സാധാ.)43/2020/ ധന തീ 01/01/2021 | 7313 |
| ആകെ | | | 14627 |

എന്നാൽ ലൈഫ് പദ്ധതിക്കായി SCP ഇനത്തിൽ ഹഡ്കോ വായ്പയിൽ നിന്നും വിഹിതം വെച്ചതായോ തുക ചെലവഴിച്ചതായോ കാണുന്നില്ല (2017-18 മുതൽ 2020-21 വരെ). എസ്.സി.പി പ്രോജക്റ്റിൽ വായ്പ വിഹിതം ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ വികസന ഫണ്ട് എസ്.സി.പി ഇനത്തിൽ നിന്ന് പൊതു വിഭാഗം വായ്പയിലേക്ക് തിരിച്ചടവിനുള്ള കിഴിവ് നടത്തിയ തുക തിരികെ ലഭിക്കുന്നതിന് ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന ഈ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 നിയമ പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

2013 ൽ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ അനുസരിച്ച് കരാറുകാരന്റെ വീഴ്ച മൂലം പ്രൊജക്ട് നിർവ്വഹണത്തിൽ കാലതാമസം വരുന്ന സന്ദർഭങ്ങളിൽ, കരാറുകാരൻ പ്രൊജക്ട് നിർവ്വഹണ കാലയളവ് ദീർഘിപ്പിക്കുന്നതിന് രേഖാമൂലം അപേക്ഷ നൽകണം. അപേക്ഷ പരിശോധിച്ച് സ്വീകാര്യമാണെന്ന് കാണുന്ന പക്ഷം പ്രൊജക്ട് നിർവ്വഹണ കാലയളവ് പ്രൊജക്ട് അടങ്കലിന്റെ 1% പിഴ ഈടാക്കിക്കൊണ്ട് യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പ്രൊജക്ട് അടങ്കലിന്റെ 2% പിഴ ഈടാക്കിക്കൊണ്ട് ഇപ്രകാരം ഒരു തവണ കൂടി യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% വരെ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 50% ൽ അധികരിച്ച് പ്രൊജക്ട് നിർവ്വഹണ സമയം ദീർഘിപ്പിച്ച് നൽകാൻ പാടില്ല. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് കരാർ എടുത്ത കരാറുകാരൻ പ്രവൃത്തി കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിനുള്ളിൽ പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഇപ്രകാരം കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനെതിരെ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വിധം നടപടികൾ സ്വീകരിക്കുകയോ, സെക്ഷൻ 2112.1 പ്രകാരം കരാറുകാരനിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. കാലാവധി ദീർഘീകരണത്തിന് അപേക്ഷ സമർപ്പിക്കാതെയും പഞ്ചായത്ത് സമയം നീട്ടി നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രോജക്ട്, അടങ്കൽ, കരാറുകാരൻ | പൂർത്തീകരിക്കേണ്ട തീയതി, പൂർത്തീകരിച്ച തീയതി, കാലതാമസം | കരാറുകാരൻ | ചെലവ് വിവരം |
|---|---|---|---|---|
| 1 | പാറപ്പുറം (പോളക്കുളം) പൂത്തിരുത്തി റോഡ് പുനരുദ്ധാരണം- വാർഡ്-13, S0216/21 (17-18ൽ പദ്ധതി നം.S0117/18 പ്രകാരം ആരംഭിച്ചത്) | 26-06-2018 (നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല) | അഖിൽ പോൾ(Agreement No.81/17-18/AE/KZHR /27.03.2018, MB No.153/18-19) (PAC-670089/-) | Part Bill No.06/19-20 /10.07.2019 502531/- (റീടെൻഷൻ 10% പിടിച്ചിട്ടുണ്ട്) |
| 2. | കരിക്കാട്ട് ചാൽ കൈമുക്ക് ഇറിഗേഷൻ തോട് നവീകരണം. S0193/21 (19-20ൽ പദ്ധതി നം.S0175/20പ്രകാരം ആരംഭിച്ചത്) | 10-09-2020 (നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല) | കെ.വി.റാഫേൽ (Agreement No.62/AE /KZHR/19-20 /11.03.2021, MB No.287/20) (PAC-223142/-) | Part Bill No.12/20-21 /05.11.07.2021 109527/- (റീടെൻഷൻ 2.5% പിടിച്ചിട്ടുണ്ട്) |
| 3 | തെക്കുമച്ചാൽ തോട് നവീകരണം S0182/21(19-20ൽ പദ്ധതി നം.S0184/20 പ്രകാരം | 10-07-2020 (നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല) | എൻ.ഡി.ജോൺസൺ( Agreement No.61/AE /KZHR/19-20 /11.03.2021,MB No.236/20) (PAC-892000/-) | 1.part Bill No./45 /11.05.2020, 450000/- 2.part Bill No.46/11.05.2020, |

| | | | | | |
|---|---|---|---|---|---|
| | | ആരംഭിച്ചത്) | | | 66426/- (പാർട്ട് ബില്ലുകളിൽ നിന്നും റീട്ടെൻഷൻ തുക പിടിച്ചിട്ടില്ല) |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം 17/26.07.21 & 21/27.07.2021 ) ലഭ്യമാക്കിയ മറുപടിയിൽ (No.3/AE/GENERAL/LSGD/2021-22/28.07.2021 & No.4/AE/GENERAL/LSGD/2021-22/28.07.2021) താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.
ക്രമ നം.1&2 -റോഡിന്റെ അതിർത്തിയോട് ചേർന്നുള്ള സ്ഥലമുടമകൾ തർക്കം ഉന്നയിക്കുന്നത് കൊണ്ടാണ് പണി പൂർത്തീകരിക്കാൻ സാധിക്കാത്തത് എന്നുമാണ് വിശദീകരിച്ചിട്ടുള്ളത്. എത്രയും വേഗം പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ക്രമ നം.3. ഇറിഗേഷൻ കനാൽ പൊളിച്ചുമാറ്റുന്നതിന് അനുമതി ലഭിക്കാൻ വൈകിയതിനാൽ ആണ് പണി പൂർത്തീകരിക്കാൻ വൈകിയത് എന്നും ആയത് കൊണ്ടാണ് കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതിരുന്നതെന്നും വിശദീകരിച്ചിട്ടുണ്ട്. എത്രയും വേഗം പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പണി പൂർത്തീകരിക്കാൻ വൈകുന്നതിനുള്ള കാരണം ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെടുന്ന സമയത്ത് ലഭ്യമാക്കുന്ന നടപടിക്രമം ശരിയല്ല. പ്രൊജക്റ്റ് സംബന്ധിച്ച ഫയലിൽ എല്ലാ വിവരങ്ങളും ഉണ്ടായിരിക്കേണ്ടതും വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള അനുമതി പത്രം, തർക്കങ്ങൾ എന്നിവ സംബന്ധിച്ച കാര്യങ്ങൾ പ്രൊജക്റ്റ് നടപ്പാക്കുന്നതിന് മുമ്പ് തന്നെ പരിഹരിക്കേണ്ടതുമാണ്.

## 1-33 മരാമത്ത് പണികൾ - പൊതുഅപാകതകൾ - സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-18 പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത് പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ല്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം. 270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ല്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം. 36/13/പിഡബ്ല്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം. 74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

24.08.2015-ലെ ജി.ഒ.(പി)നം. 375/15/ധന-ഉത്തരവ് പ്രകാരം എല്ലാ എൻജിനീയറിംഗ് വകുപ്പുകളിലേയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് PRICE സോഫ്റ്റ് വെയർ മുഖേനയാകണമെന്ന് സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 03.11.2015-ലെ ജി.ഒ.(എം.എസ്)നം. 498/15/ധന-ഉത്തരവ് പ്രകാരം, ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധവകുപ്പുകൾക്കായി സമയപരിധി അനുവദിച്ചും ഉത്തരവായിരുന്നു.

29.02.2016-ലെ ജി.ഒ.(പി)നം. 30/16/ധന-ഉത്തരവ് പ്രകാരം, ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവർത്തികളിൽ കരാറുകാരന്റെ ലാഭവിഹിതം ഒഴിവാക്കാനും ഓവർഹെഡ്ചാർജ്ജസ് എസ്റ്റിമേറ്റിന്റെ 7.5% അനുവദിക്കാനും ഉത്തരവായിരുന്നു.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത്പ്രവൃത്തികളുടെ എസ്റ്റിമേററ് തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. സർക്കാർഉത്തരവിന്റെ അഭാവത്തിൽ 10% CP യ്ക്ക് പുറമേ 10% ഓവർഹെഡ് ചാർജ്ജ് MORD DATA യിൽ അനുവദിക്കുന്നത് ക്രമത്തിലല്ല.

2) PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു.

DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP & OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ല്യുഡി മാന്വൽ, മേൽസൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്.

ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു എങ്കിലും ലഭ്യമായില്ല. സർക്കാർ ഉത്തരവിന്റെ അഭാവത്തിൽ ഇപ്രകാരം അനുവദിച്ചത് ക്രമത്തിലല്ല.

മേൽ അപാകതകൾ കാരണം എസ്റ്റിമേറ്റ് തുക അനർഹമായി ഉയർന്ന് നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നിർദ്ദേശങ്ങൾ തേടി പരിഹരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 01/20.07.21.)

## 1-34 പഞ്ചായത്തിന് ലഭിക്കുന്ന സേവനങ്ങൾക്ക് നിയമവിരുദ്ധമായി ജി.എസ്.ടി നൽകി-

192820/-തടസ്സപ്പെടുത്തുന്നു.

കേന്ദ്ര വിജ്ഞാപനം 12/17 (Central Tax) Rate തീയ്യതി 27/6/17 പ്രകാരവും സംസ്ഥാന സർക്കാർ വിജ്ഞാപനം SRO 371/17 (സർക്കാർ ഉത്തരവ് (പി)73/17 Taxes തീയ്യതി 30/6/17) പ്രകാരവും ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിൽ പഞ്ചായത്തുകളുടെ ചുമതലകളായി ചേർത്തിട്ടുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന സേവനങ്ങൾക്ക് യഥാക്രമം കേന്ദ്ര ജി.എസ്.ടി,സംസ്ഥാന ജി.എസ്.ടി എന്നിവ നല്കേണ്ടതില്ല. ("*(Pure Services (Excluding Works Contract Service Or Other Composite Supplies Involving Supply Of Any Goods ) Provided To The Central Government,State Government Or Union Territory Or Local Authority Or A Government Authority By Way Of Any Activity In Relation To Any Function Entrusted To A Panchayat Under Article 243G Of The Constitution Or In Relation To Any Function Entrusted To A Municipality Under Article 243W Of The Constitution")* .ഭരണഘടന വകുപ്പ് 243G പ്രകാരമുള്ള പട്ടികയിലെ ക്രമനമ്പർ (III) പ്രകാരം Minor Irrigation,water Management And Watershed Development എന്നിവ പഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നു.അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റിൽ പഞ്ചായത്ത് ജി.എസ്.ടി നല്കുന്നു. ഫയൽ,എംബുക്ക് എന്നിവ പരിശോധിച്ചതിൽ തോടുകളിൽ നിന്നും കുളവാഴ, മറ്റ് കളകൾ, ചെളി, മറ്റ് വസ്തുക്കൾ എന്നിവ നീക്കം ചെയ്ത് ദൂരെ നിക്ഷേപിച്ച് തോട്ടിലെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തിയ്ക്ക് ജി.എസ്.ടി നൽകിക്കാണുന്നു. മുകളിൽ സൂചിപ്പിച്ച ഉത്തരവുകൾ പ്രകാരം പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട സേവന ലഭ്യതക്കാണ് കരാറുകാരന് കേന്ദ്ര ജി.എസ്.ടി, സംസ്ഥാന ജി.എസ്.ടി തുക ചേർത്ത് ബില്ല് നല്കിയിരിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

| ക്രമ നം. | പ.നം/പേര് /കരാറുകാരൻ | എം.ബി നം. | ആകെ പ്രവൃത്തിമൂല്യം | GST 5% | GST ഉൾപ്പെടെ ആകെ തുക | ബിൽ നം. | തുക |
|---|---|---|---|---|---|---|---|
| 1 | മതിപ്പാം-പുള്ളങ്കേരി തോട് നവീകരണം-വാർഡ്-9, S0248/21, ടി.കെ.ജയൻ | 385/20 | 322330 | 16117 | 338447 | 97/20-21/29.03.2021 | 338447 |
| 2 | നെന്മേനിച്ചിറ തോട് നവീകരണം, S0195/21, പ്രവീൺകുമാർ.ഐ.ജി | 304/20 | 133550 | 6677 | 140227 | 11/20-21/05.11.20 | 140227 |
| 3 | കരിക്കാട് ചാൽ കൈമുക്ക് ഇറിഗേഷൻ തോട് നവീകരണം, S0193/21, റാഫേൽ.കെ.സി. | 287/20 | 104311 | 5216 | 109527 | 12/20-20/05.11.20 | 109527 |
| 4 | നെന്മേനിച്ചിറ തോട് നവീകരണം, S0225/21, ഒ.പി.ബിജു | 291/20 | 266888 | 13344 | 280232 | Cheque No.2342628/07.06.2021 | 393705/-(other Bills Included) |
| 5 | വാഴാറ വൻതോട് നവീകരണം, S0192/21, അമൽ.ടി.ജെ. | 194/20 | 357052 | 42846(12% GST ) | 399898 | 9/20-21/05.11.20 | 399898 |
| 6 | വാഴാറ പൂപ്പാറ മരോട്ടിത്തോട് നവീകരണം-വാർഡ് 7, S0246/21, അഭിജിത്ത് എം.എ | 386/20 | 428194 | 21410 | 449604 | 95/20-21/29.03.21 | 449604 |
| 7 | കിഴിയേലി ആലമറ്റം-തിരുത്തി എളയാനം തോട് നവീകരണം, വാർഡ് 10, S0244/21, ഒ.പി.ബിജു | 231/20 | 423401 | 21170 | 444571 | 41/20-21/25.02.21 | 444571 |
| 8 | ആലമറ്റം, എളയാനം, പൂത്തുരുത്തി, വഞ്ചിപ്പരത്താഴം, മുട്ടക്കടവ്, ഉപ്പൻചിറ തോട് നവീകരണം, S0194/21, അഭിജിത്ത്.എം.എ | 233/20 | 892645 | 44632 | 937277 | 10/20-21/05.11.21 | 937277 |
| 9 | കക്കുഴം തോട് | 312/20 | 428164 | 21408 | 449572 | 43/20-21/25.02.21 | 449572 |

| | | | | | | | |
|---|---|---|---|---|---|---|---|
| | നവീകരണം, വാർഡ്-5, S0247/21, എൻ.ഡി.ജോൺസൺ. | | | | | | |
| | | | | 192820 | | | |

എ) മേൽ പ്രകാരം 192820/- രൂപ ജി എസ് ടി ഇനത്തിൽ കൂടുതലായി കരാറുകാരന് നല്കിയതായി കാണുന്നു.

ബി) ക്രമ.നം.5 പ്രകാരം കരാറുകാരന് നല്കിയതായി കാണുന്നു.

മുകളിൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/23.07.2021) ലഭ്യമാക്കിയ മറുപടിയിൽ, ഹാജരാക്കിയ സർക്കുലറിൽ കെട്ടിടങ്ങൾക്ക് ജി.എസ്.ടി അനുവദിക്കുന്ന വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത് മറുപടി തൃപ്തികരമല്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാമായിരുന്ന തുക കരാറുകാരന് ജി.എസ്.ടി ഇനത്തിൽ കൂടുതലായി നൽകിയതിനാൽ തുക തടസ്സപ്പെടുത്തുന്നു.

## 1-35 ഏറ്റെടുത്ത പ്രവൃത്തി കരാറുകാരൻ ആരംഭിക്കാത്തതിനാൽ റീടെണ്ടർ ചെയ്ത് പുതിയ കരാറുകാരെ പ്രവൃത്തികൾ ഏൽപ്പിച്ചില്ല-ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല.

കരാർ പ്രകാരം നാളിതുവരെ ആരംഭിക്കാത്ത പ്രവത്തിയുടെ കരാറുകാരനെ ഒഴിവാക്കുകയോ കരാറുകാരനെ കരിമ്പട്ടികയിൽ പെടുത്തുവാനോ കരാറുകാരനിൽ നിന്ന് നഷ്ടം ചുമത്തുകയോ ചെയ്തിട്ടില്ല. പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം., പേര് | അടങ്കൽ (രൂപ) | കരാറുകാരന്റെ പേര് | സെക്യൂരിറ്റിയായി ഒടുക്കിയ തുക |
|---|---|---|---|---|
| 1 | കുഴൂർ കൃഷിഭവൻ പുനരുദ്ധാരണ പ്രവർത്തികൾS0084/20 | 55000/- | അഭിജിത്ത്.എം.എ, (Agreement No.39/AE /KZHR/19-20 /04.12.2019) | 3875/- |

ട്രഷറി ഡെപ്പോസിറ്റ്, സ്ഥിരനിക്ഷേ സർട്ടിഫിക്കറ്റ് എന്നിവയാണ് സെക്യൂരിറ്റി സൂക്ഷിച്ചിട്ടുള്ളത്. PWD Manual, 2012 ലെ സെക്ഷൻ 2116.2(v) പ്രകാരം കരാറുകാരുടെ പെർഫോമൻസ് സെക്യൂരിറ്റി മുതൽകൂട്ടി പഞ്ചായത്തിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 18/26.07.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-36 കന്നുകുട്ടിപരിപാലനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

തുക :700000 (വികസനഫണ്ട് പൊതുവിഭാഗം- 350000,ബ്ലോക്ക് പഞ്ചായത്ത് വിഹിതം-350000)
ബിൽ നമ്പർ-22001074 /24.02.21-350000 രൂപ ,വികസനഫണ്ട് പൊതുവിഭാഗം
ബിൽ നമ്പർ-22001081/06.03.21-208901 രൂപ ,ബ്ലോക്ക് പഞ്ചായത്ത് വിഹിതം
ബിൽ നമ്പർ-22001247/26.03.21-141099 രൂപ ,ബ്ലോക്ക് പഞ്ചായത്ത് വിഹിതം

പദ്ധതിക്കായി മേൽപ്രകാരം നൽകിയ 700000 രൂപയ്ക്ക് എസ്.എൽ.ബി.പിയിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-37 ദുരിതാശ്വാസ നിധി പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

2003 കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാ രോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതുമാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

18.01.2018 തിയതിയിലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി (തീരുമാനം നം.14) ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ ഇതിനായി കാത്തലിക്ക് സിറിയൻ ബാങ്ക്, കുഴൂർ ബ്രാഞ്ചിൽ നമ്പർ 0057-04015596-195001 എന്ന അക്കൗണ്ട് ആരംഭിച്ചത് 14.02.2019 ൽ മാത്രമാണ്. നാളിതു വരെ ദുരിതാശ്വാസ നിധി പ്രവർത്തനം ആരംഭിച്ചിട്ടില്ല. നിധിയിലേക്ക് തുക സമാഹരിക്കുന്നതിനും നടപടികളൊന്നും സ്വീകരിച്ചതായും കാണുന്നില്ല. ദുരിതാശ്വാസ നിധി നല്ല രീതിയിൽ പരിപാലിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-38 വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ സംബന്ധിച്ച്

2019-20, 2020-21 വർഷങ്ങളിലെ കൃഷി, മൃഗസംരക്ഷണ പദ്ധതികളിലെ ചെലവുകൾ പരിശോധിച്ചപ്പോൾ സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികളാണ് വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന കാണുന്നു. കന്നുകുട്ടി പരിപാലനം, വാഴകൃഷിവികസനം (SCP) എന്നീ പദ്ധതികൾ 2019-20, 2020-21 വർഷങ്ങളിൽ വനിതാപദ്ധതികളായിട്ടാണ് നടപ്പിലാക്കിയിട്ടുള്ളത്. കന്നുകുട്ടി പരിപാലനം 2020-21 ന്റെ പുരുഷന്മാർ ഉൾപ്പെട്ട ഗുണഭോക്തൃലിസ്റ്റ് വനിതാപദ്ധതിയാക്കുന്നതിനായി

ഭാര്യമാരുടെ പേരുകളാക്കി മാറ്റി പരിഷ്കരിച്ചിട്ടുണ്ട്. പദ്ധതികളുടെ ലക്ഷ്യങ്ങളിൽ വനിതാശാക്തീകരണം ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ (സർക്കാർഉത്തരവ് (കൈ)നം. 11/2018/തസ്വഭവ തിയതി29.01.2018 ഖണ്ഡിക 6.3) പ്രകാരം സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. ഇക്കാര്യത്തിൽ പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.3 ലെ 1 മുതൽ 10 വരെ ഉപഖണ്ഡികകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

## 1-39 പച്ചക്കറി കൃഷി വികസനം SCP-അപാകതകൾ

പദ്ധതി നമ്പർ : S0067/20

ചെലവ് 400000 രൂപ

ഫണ്ട് : വികസനഫണ്ട് SCP

ഈ പദ്ധതിയിൽ പച്ചക്കറി കൃഷി വികസനത്തിനായി വിത്ത് വാങ്ങി നൽകുകയും കൂലിച്ചെലവ്, ജൈവവളം ഇത്തിൾ എന്നിവയ്ക്കായി സബ്സിഡി തുക നൽകുകയും ചെയ്തിട്ടുണ്ട്. ചില ഉദാരണഹങ്ങൾ താഴെചേർക്കുന്നു

| ക്രമ നമ്പർ | കർഷകന്റെ പേര് | കൃഷി ഭൂമി വിസ്തീർണ്ണം സെന്റിൽ | അനുവദിച്ച കൂലിച്ചെലവ് സബ്സിഡി | ഇത്തിൾ,ജൈവവളം എന്നിവയ്ക്കായി അനുവദിച്ച സബ്സിഡി |
|---|---|---|---|---|
| 1 | ലീല.എം.പി, കുന്നത്ത് | 50 | 3000 | 9220 |
| 2 | മല്ലിക.കെ.എ, കുന്നത്ത് | 50 | 3000 | 18440 |
| 3 | ബിന്ദു കുറ്റിലപ്പറമ്പിൽ | 75 | 4500 | 18440 |
| 4 | സരസു പൂപ്പരത്ത് | 50 | 3000 | 7376 |
| 5 | അംബിക മോഹൻ പൂപ്പരത്ത് | 50 | 3000 | 7376 |
| 6 | നിഷ സുരേഷ് കോന്നലത്ത് | 50 | 3000 | 5532 |
| 7 | കുട്ടി പൂപ്പരത്ത് | 75 | 4500 | 3968 |

ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) കൃഷി ചെയ്യുന്ന പച്ചക്കറിയുടെ വിവരങ്ങളോ ചെലവ് വിശദാംശങ്ങളോ അപേക്ഷയിൽ രേഖപ്പെടുത്തുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

2) ക്രമനമ്പർ 2, 3 കർഷകർക്ക് 18440 രൂപ എന്ന വലിയ തുക വീതം സബ്സിഡി കണക്കാക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് (കൈ) നം. 22/2018ത.സ്വ.ഭ.വ, തിയ്യതി 14.02.2018 ഖണ്ഡിക 6.1 ൽ പറഞ്ഞിരിക്കും വിധം ഗ്രാമപഞ്ചായത്ത് പരമാവധി സബ്സിഡി തുക നിശ്ചയിച്ചിട്ടില്ല.

3) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക ഗ്രാമപഞ്ചായത്ത് തീരുമാനിക്കേണ്ടതാണ്. അപേക്ഷകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ഉറപ്പുവരുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. പദ്ധതി അവലോകനം നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.06/23.07.2021) ലഭ്യമാക്കിയ മറുപടിയിൽ, ഹാജരാക്കിയ സർക്കുലറിൽ കെട്ടിടങ്ങൾക്ക് ജി.എസ്.ടി അനുവദിക്കുന്ന വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത് മറുപടി തൃപ്തികരമല്ല. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാമായിരുന്ന തുക കരാറുകാരന് ജി.എസ്.ടി ഇനത്തിൽ കൂട്ടതലായി നൽകിയതിനാൽ തുക തടസ്സപ്പെടുത്തുന്നു.

## 1-40 തരിശുഭൂമിയിൽ പച്ചക്കറി/കിഴങ്ങ്കൃഷി-അപാകതകൾ

പ്രോജക്റ്റ് നമ്പർ- 228/21

ബിൽനമ്പർ-JNK 2/13/2020-21

ഫണ്ട്: ജില്ലാപഞ്ചായത്ത് വിഹിതം

തുക-240788

സർക്കാർ ഉത്തരവ് (കൈ) നം. 22/2018ത.സ്വ.ഭ.വ, തിയ്യതി 14.02.2018 ഖണ്ഡിക 6.1 പ്രകാരം ഈ പദ്ധതിയിൽ ഒരു ഹെക്ടറിന് കർഷകർക്ക് 25000 രൂപ, ഭൂവുടമയ്ക്ക് 5000രൂപ + യന്ത്രങ്ങളുടെ വാടക യഥാർത്ഥ തുക എന്നിങ്ങനെ അനുവദിക്കാവുന്നതാണ്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ പറയുന്നു

1) കൃഷി ഓഫീസർ നിർദ്ദിഷ്ടപ്രദേശം കൃഷിയോഗ്യമായ തരിശ് ആയിരുന്നെന്നും പച്ചക്കറികൃഷിക്ക് അനുയോജ്യമാണെന്നും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) അപേക്ഷകളിൽ കൃഷിക്ക് വന്ന ചെലവ് രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കർഷകൻ | കൃഷിഭൂമി വിസ്തൃതി ഹെക്ടറിൽ | സബ്സിഡി | അപാകത |
|---|---|---|---|---|
| 1 | തങ്കപ്പൻ. പി.ആർ ,പടയാറ്റി | 0.74 | 19980 | ചെലവ് വിശദാംശങ്ങൾ ഇല്ല |
| 2 | ഹരീഷ്.ഐ, പാലേത്ത് | 1.44 | 38880 | „ |
| 3 | വിജയ സജീവൻ | 0.8 | 21600 | „ |

3) പദ്ധതി അവലകനം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

പദ്ധതി നിർവ്വഹണത്തിൽ മേൽ അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 വാർഷികകണക്കിൽ ചെലവായി കാണിച്ച തുക ഗുണഭോക്താക്കളിൽ എത്താതെ നിർവഹണോദ്യോഗസ്ഥന്റെ ടി.എസ്.ബി അക്കൗണ്ടിൽ കിടക്കുന്നു.

വി.ഇ.ഒ, കഴൂർ നിർവഹണോദ്യഗസ്ഥനായ പ്രൊജക്ട് നം.232/2020-21, പ്രളയത്തിൽ തകർന്ന ടോയ്‌ലറ്റുകളുടെ പുനർനിർമ്മാണം എന്നതിൽ, നാല് ഗുണഭോക്താക്കൾക്ക്, 9240/രൂപാ വീതം (4240/രൂപാ വീതം തനത്ഫണ്ടിൽ നിന്നും, 5000/- രൂപാ വീതം ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും) നൽകുന്നതിനായി, ഗുണഭോകാതാക്കളുടെ പേര്, അക്കൗണ്ട് നമ്പർ എന്നിവ സഹിതം, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അപേക്ഷ നൽകി. സെക്രട്ടറിയുടെ നടപടിക്രമം എ1-05/2020-21, തീയതി. 05-11-2020 പ്രകാരം, വൗച്ചർ നം.22000608, തീയതി. 6-11-2020 പ്രകാരം, 20000/രൂപാ ശുചിത്വ മിഷൻ ഫണ്ടും, വൗച്ചർ നം. 22000609, തീയതി.6-11-2020 പ്രകാരം, തനത്ഫണ്ട് 16960/രൂപയും, സെക്രട്ടറി തുക വി.ഇ.ഒയുടെ ട്രഷറി എസ്.ബി അക്കൗണ്ടിലേക്ക് നൽകി. വി.ഇ.ഒ, ഈ തുക നാളിതുവരെയായിട്ടും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടില്ല. ഗുണഭോക്താക്കളുടെ വിവരങ്ങൾ എല്ലാം നൽകി തുക ട്രാൻസ്ഫർ ചെയ്യാൻ, നിർവഹണോദ്യോഗസ്ഥൻ അപേക്ഷ നൽകിയിട്ടും, തുക ഗുണഭോക്താവിന് നൽകാതെ, നിർവഹണോദ്യോഗസ്ഥന്റെ ട്രഷറി എസ്.ബി അക്കൗണ്ടിലേക്ക് നൽകിയത് ഗുരുതരമായ ഒരു വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-42 ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമായില്ല.

2020-21 വർഷത്തെ, പ്രൊജക്ട് നം.49/21, ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ എന്നതിൽ, ബിൽ നം.1/2020, തീയതി.2-10-2020 പ്രകാരം 2,50,000/- രൂപാ ഹോംകോയ്ക്ക് നൽകിയെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-43 വാഹനത്തിന്റെ ഇൻഷുറൻസ് -സർക്കാർ ഉത്തരവ് പാലിച്ചില്ല

കഴൂർ ഗ്രാമപഞ്ചായത്ത്, പാലിയേറ്റീവ് കെയർ വാഹനത്തിന്റെ (KL64G8286) ഇൻഷുറൻസ് പുതുക്കുന്നതിനായി, വൗച്ചർ നം.22000678, തീയതി.14-12-2020 പ്രകാരം, 9980/രൂപാ, ഓറിയെന്റൽ ഇൻഷുറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ്, ജി.ഒ (പി) നം. 819/2000 ഫിൻ, തീയതി 18/4/2000 പ്രകാരം സർക്കാർ വാഹനങ്ങൾക്ക് സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസിൽ നിന്നുമാണ് ഇൻഷുറൻസ് എടുക്കേണ്ടത്. സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-44 എസ്.എസ്.കെ വിഹിതം നൽകൽ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ഹെഡ് മാസ്റ്റർ, ജി.യു.പി.എസ് കണ്ടൂർ, നിർവഹണോദ്യോഗസ്ഥനായ, പ്രൊജക്ട് നം.50/21, എസ്.എസ്.കെ വിഹിതം നൽകൽ എന്നതിൽ, ബിൽ നം-1/20-21, തീയതി. 23-3-2021 പ്രകാരം, 3,00,000/- രൂപാ ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.കെ, തൃശ്ശൂരിന് കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-45 ലൈഫ് ഭവനപദ്ധതി നിർമാണം-ഗുണഭോക്താവിന് പദ്ധതി വിഹിതം അധികം നൽകി.

വി.ഇ.ഒ കഴൂർ, നിർവഹണോദ്യഗസ്ഥനായ, പ്രൊജക്ട് നം.42/20-21, ലൈഫ് ജനറൽ എന്ന പദ്ധതിയിലെ ഗുണഭോക്താവായ, ശ്രീമതി.ത്രേസ്യാമ്മ, പാറയിൽ എന്നവർക്ക് പദ്ധതി വിഹിതമായി, താഴെ പറയും പ്രകാരം 4,20,000/- രൂപാ നൽകിയതായി കാണുന്നു. തുക നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം/തീയതി | ബിൽ തുക | ഗുണഭോക്താവിന് കൈമാറിയ തുക |
|---|---|---|
| 1/LF-18-19 | 6,80,000 | 40,000 |
| 232/29-03-19 | 24,00,000 | 2,20,000 |
| 17/11-07-19 | 8,20,000 | 1,00,000 |
| 126/21-01-20 | 1,60,000 | 20,000 |
| 225/16-03-20 | 20,000 | 20,000 |
| 59/18-06-20 | 1,80,000 | 20,000 |

| | | |
|---|---|---|
| ആകെ | | 4,20,000 |

അധികം നൽകിയ പദ്ധതി വിഹിതമായ 20,000/- രൂപാ ഗുണഭോകാതാവിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് ഭവനപദ്ധതി നിർമാണം-ഗുണഭോക്താവിന് പദ്ധതി വിഹിതം അധികം നൽകി.

വി.ഇ.ഒ കഴൂർ, നിർവഹണോദ്യഗസ്ഥനായ , പ്രൊജക്റ്റ് നം.42/20-21, ലൈഫ് ജനറൽ എന്ന പദ്ധതിയിലെ ഗുണഭോക്താവായ, ശ്രീമതി.ത്രേസ്യാമ്മ, പാറയിൽ എന്നവർക്ക് പദ്ധതി വിഹിതമായി, താഴെ പറയും പ്രകാരം 4,20,000/- രൂപാ നൽകിയതായി കാണുന്നു. തുക നൽകിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം/തീയതി | ബിൽ തുക | ഗുണഭോക്താവിന് കൈമാറിയ തുക |
|---|---|---|
| 1/LF-18-19 | 6,80,000 | 40,000 |
| 232/29-03-19 | 24,00,000 | 2,20,000 |
| 17/11-07-19 | 8,20,000 | 1,00,000 |
| 126/21-01-20 | 1,60,000 | 20,000 |
| 225/16-03-20 | 20,000 | 20,000 |
| 59/18-06-20 | 1,80,000 | 20,000 |
| ആകെ | | 4,20,000 |

അധികം നൽകിയ പദ്ധതി വിഹിതമായ 20,000/- രൂപാ ഗുണഭോകാതാവിൽ നിന്നോ, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | ഉൽപാദനം | 200000 | 0 |
| | | 201700 | സ്കോളർഷിപ്പ് | 201700 | 0 |
| | | 200000 | പാലിന് സബ്സിഡി | 200000 | 0 |
| | | 200000 | സുഭിക്ഷകേരളം മൽസ്യകൃഷി | 200000 | 0 |
| | | 350000 | കന്നുകുട്ടി പരിപാലനം | 350000 | 0 |
| ജില്ലാ പഞ്ചായത്ത് | | 150000 | ഉൽപാദനം | 150000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|

| | | തുക | | |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ വലിക്കൽ | 330000 | - | 330000 |
| കെ.എസ്.ഇ.ബി | തെക്കഞ്ചേരി കൊക്കരാട് റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ | 48000 | .- | 48000 |
| കെ.എസ്.ഇ.ബി | ആറാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ പോസ്റ്റിട്ട് ലൈൻ വലിക്കൽ | 120000 | - | 120000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | | 4040000 | 3716470 | 321803 | | 3394667 |

## 4-5 സ്ഥിരനിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക നമ്പർ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | ഈടാക്കിയ തുക | രശീതി നം/തീയതി |
|---|---|---|---|---|
| 2018-19 | 1(14) | തൊഴിൽ നികുതി ജീവനക്കാർ, വാഴപ്പിള്ളി എർത്ത് ടൈൽസ് ആലമറ്റം | 1680 | 120010100934/18-8-2020 |
| 2018-19 | 1(14) | തൊഴിൽ നികുതി ജീവനക്കാർ,വാഴപ്പിള്ളി സിമന്റ് വർക്സ്, ആലമറ്റം | 1200 | 120010100935/18-8-2020 |
| 2018-19 | 1(14) | തൊഴിൽ നികുതി ജീവനക്കാർ, ദേവീസ് ഡയറി, എരവത്തൂർ | 2040 | 120010101509/30-9-2020 |
| 2018-19 | 1(14) | തൊഴിൽനികുതി ജീവനക്കാർ, മാനേജർ, ടെറാടെക് | 1092 | 120010103984/26-2-2021 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കിയില്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67844130 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 68832067 |

| | |
|---|---|
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 810585 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് തുക | സർചാർജ്ജ് തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 20000 | നിഖിൽ.പി.വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-29 | 498000 | ശ്രീ.സുനിൽ കുമാർ.കെ.യു, സെക്രട്ടറി |
| 1-30 | 119765 | ശ്രീ.സുനിൽ കുമാർ.കെ.യു, സെക്രട്ടറി |
| 1-34 | 192820 | ജമീല.പി.എം, അസി. എഞ്ചിനീയർ |
| | 810585 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| നിഖിൽ.പി.വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുഴൂർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കുഴൂർ | നിഖിൽ.പി.വി. പാറപ്പറമ്പിൽ ഹൗസ് മാളപള്ളിപ്പുറം |
| സുനിൽ കുമാർ.കെ.യു, സെക്രട്ടറി | സെക്രട്ടറി, കുഴൂർ ഗ്രാമപഞ്ചായത്ത് | കൃഷ്ണമന്ദിരം, മേക്കാട്. |
| ജമീല.പി.എം, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കുഴൂർ ഗ്രാമപഞ്ചായത്ത് | പടിയത്ത് വീട്, കൊരട്ടി.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1969-70,1974-75 മുതൽ 1994-95 വരെ | എൽ.എഫ്.ടി.12-1310/96 തീയതി 29-11-1996 | |
| 1995-96 | എൽ.എഫ്.ടി.12-1926/97 തീയതി 11-03-1998 | |
| 1996-97 | എൽ.എഫ്.ടി.12-1941/97 തീയതി 21-07-1998 | |
| 1997-98 | എൽ.എഫ്.ടി.13 698/99 തീയതി 24-01-2000 | |
| 1998-99 | എൽ.എഫ്.ടി.പി4-184/14/14.3.14/ 3.5.14 | 16 |
| 1999-2000 | | 7 |

| | | |
|---|---|---|
| 2000-01 | | 4 |
| 2001-02 | | 3 |
| 2002-03 | | 7 |
| 2003-04 | | 4 |
| 2004-05 | | 4 |
| 2005-06 | | 6 |
| 2006-07 | | 14 |
| 2007-08 | എൽ.എഫ്.ടി.13-640/10<br>തീയതി 31-03-2011 | |
| 2008-09 | എൽ.എഫ്.ടി.പി.14-1259/11<br>തീയതി 17-10-2011/18-05-12 | |
| 2009-10 | എൽ.എഫ്.ടി.പി.14-1260/11<br>തീയതി 17-10-2011/18-05-2012 | |
| 2010-11 | എൽ.എഫ്.ടി.പി.4-2156/12<br>തീയതി 05-02-2013/12-04-2013 | |
| 2011-12 | എൽ.എഫ്.ടി.പി.4-1401/13<br>തീയതി 09-12-13/13-01-2014 | |
| 2012-13 | എൽ.എഫ്.ടി.പി.4-1424/2014<br>തീയതി 12-01-15/12-03-15 | |
| 2013-14 | നം കെ.എസ്.എ. ടി.എസ്.ആർ.പി. 4- 1327/2015<br>/3.11.15 | |
| 2014-15 | നം കെ.എസ്.എ. ടി.എസ്.ആർ.(പി.4) 1211/16<br>തീയതി 24.7.16 | |
| 2015-16 | നം കെ.എസ്.എ. ടി.എസ്.ആർ.(പി.4)92/17,<br>തീയതി 27.1.17 | |
| 2016-17 | നം കെ.എസ്.എ. ടി.എസ്.ആർ.(പി.4)/1227/17<br>തീയതി 31.07.17 | |
| 2017-18 | നം.കെ.എസ്.എ.ടി.എസ്.ആർ(പി4)/730/19<br>തിയ്യതി. 13.06.19 | |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ(പി4)/1754/2019<br>തീയതി. 16/12/2019 | |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി5) 1063/2021<br>തീയതി. 21.03.2021 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കുഴൂര് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്